**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.11** **08.06.2015-ൽ മറുപടിയ്ക്ക്**

**<u>ദേശീയ ഗെയിംസിലെ അധികച്ചെലവ്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**ശ്രീ.തോമസ് ചാണ്ടി** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ഇക്കഴിഞ്ഞ ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ വൈകിയതിനാൽ അധികച്ചെലവ് ഉണ്ടാക്കിയെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) 35-ാമത് ദേശീയ ഗെയിംസിന്റെ 15.03.2008 മുതൽ 31.03.2015 വരെയുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഗെയിംസിൽ കായിക താരങ്ങൾ ഉപയോഗിച്ച സ്പോർട്സ് ഉപകരണങ്ങൾക്ക് അവയുടെ യഥാർത്ഥ വിലയേക്കാൾ കൂടുതൽ വാടക നൽകി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പ്രസ്തുത ഗെയിംസിനായി സ്പോർട്സ് ഉപകരണങ്ങൾ വാടകയ്ക്ക് വാങ്ങാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) & (സി) കായിക താരങ്ങൾ മത്സരങ്ങൾക്കായി ഉപയോഗിക്കുന്ന സ്പോർട്സ് ഉപകരണങ്ങൾ വിലയ്ക്കു വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അന്തർദേശീയ/ദേശീയ ടെൻഡറുകൾ ക്ഷണിച്ചിട്ടും ലഭിക്കാതിരുന്ന അപൂർവ്വം ചില കായിക ഉപകരണങ്ങൾ നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ബന്ധപ്പെട്ട നാഷണൽ ഫെഡറേഷൻ/ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സൗജന്യമായി ലഭ്യമാക്കിയിരുന്നു (കബഡിമാറ്റ്, ചില അത്‌ലറ്റിക്സ് ഉപകരണങ്ങൾ) മുതലായവ). വാടക നൽകി ഉപകരണങ്ങളൊന്നും ഉപയോഗ പ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**